**പതിനാലാം കേരളനിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1229** 04/02/2019 ലെ മറുപടി

**എയ്ഡഡ് സ്കൂളുകളിലെ പി.റ്റി.എ.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ: | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എയ്ഡഡ് സ്കൂളുകളിലെ പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ സ്കൂൾ മാനേജർമാരെ ഉൾപ്പെടുത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. 11.01.2019 ലെ സർക്കാർ ഉത്തരവ് (കൈ) നം. 7/2019/ പൊവിവ പ്രകാരം എയ്ഡഡ് സ്കൂളുകളിലെ പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ സ്കൂൾ മാനേജർമാരെ എക്സ് ഒഫിഷ്യോ അംഗമായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

File No.GEDN-G1/148/2018-G.EDN

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്- എയ്ഡഡ് സ്കൂളിലെ പി റ്റി എ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അതാത് സ്കൂൾ മാനേജർമാരെക്കൂടി എക്സ് ഒഫിഷ്യോ അംഗമായി ചേർത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

**സ.ഉ.(കൈ) നം.7/2019/പൊ.വി.വ** തീയതി,തിരുവനന്തപുരം, 11/01/2019

---

പരാമർശം:- 1 25.06.2007 ലെ സർക്കാർ ഉത്തരവ് (എം എസ്) നം.126/2007/പൊവിവ

2 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.05.2018 ലെ എച്ച്/80060/2018/ഡി പി ഐ നമ്പർ കത്ത്

<u>ഉത്തരവ്</u>

ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ പി റ്റി എ പ്രവർത്തനങ്ങൾക്കായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂൾ മാനേജർമാരെ പി റ്റി എ കമ്മിറ്റിയിൽ ഉൾപ്പെടുത്തണമെന്ന് മാനേജർമാർ നിരവധി വർഷങ്ങളായി ആവശ്യപ്പെടുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഊർജ്ജിതമായി നടന്നുവരുന്ന ഈ കാലയളവിൽ എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനായി മാനേജർമാർ സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സ്കൂൾ വികസനപ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് പി റ്റി എ കമ്മിറ്റികളിൽ ചർച്ച ചെയ്യുന്ന അവസരങ്ങളിൽ കാര്യക്ഷമമായ തീരുമാനമെടുക്കുവാൻ കമ്മിറ്റിയിൽ മാനേജർ അംഗമായിരിക്കുന്നത് ഗുണകരമാകുമെന്നു കരുതുന്നുവെന്നും, എയ്ഡഡ് സ്കൂളിലെ പി റ്റി എ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അതാത് സ്കൂൾ മാനേജർമാരെക്കൂടി എക്സ് ഒഫിഷ്യോ അംഗമായി ചേർക്കാവുന്നതാണെന്നും സൂചന (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളിലെ പി റ്റി എ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അതാത് സ്കൂൾ മാനേജർമാരെക്കൂടി എക്സ് ഒഫിഷ്യോ അംഗമായി ഉൾപ്പെടുത്തി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പൊതുവിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ മേഖലാ ഹയർ സെക്കണ്ടറി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി ഡയറക്ടർ മുഖേന)
ഡയറക്ടർ ഓഫ് പഞ്ചായത്ത്/ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

File No.GEDN-G1/148/2018-G.EDN

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ